**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2836** **13-10-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ പാലക്കോട് അഴിമുഖത്തെ ഡ്രെഡ്ജിങ് കരാറും മണൽ വില്പനയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ , രാമന്തളി പഞ്ചായത്തിലെ പാലക്കോട് അഴിമുഖത്ത് നിന്നും മണൽ ഡ്രെഡ്ജ് ചെയ്യുന്നതിന് ഏതെങ്കിലും കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത കമ്പനിയുമായി ഉണ്ടാക്കിയ കരാറിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) | രാമന്തളി പാലക്കോട് അഴിമുഖത്ത് അടിഞ്ഞു കൂടിയ മണൽ തിട്ട നീക്കം ചെയ്യുന്നതിനും അത് ഫിൽറ്റർ ചെയ്ത് വിൽപന നടത്തുന്നതിനും 01/01/2020 തീയതിയിലെ സ.ഉ .(കൈ)01/2020/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള സർക്കാർ പൊതു മേഖലാ സ്ഥാപനമായ കെംഡൽ എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് . ആദ്യ ഘട്ടത്തിൽ നീക്കം ചെയ്ത് ഫിൽറ്റർ ചെയ്ത 25000 ഘന അടി മണൽ അടിയന്തിരമായി വില്പന നടത്തുന്നതിനും, തുടർന്ന് നീക്കം ചെയ്യുന്ന മണൽ തിട്ട നീക്കം ചെയ്യുന്ന മുറക്ക് ഫിൽറ്റർ ചെയ്ത് വില്പന നടത്തുന്നതിനുമാണ് ചുമതലപെടുത്തിയിട്ടുള്ളത്. സബ് കലക്ടറുടെ നേതൃത്വത്തിൽ ഉള്ള മോണിറ്ററിങ് കമ്മറ്റിയുടെ നിരീക്ഷണത്തിലാണ് പ്രസ്തുത പ്രവർത്തനം നടക്കുന്നത്. പി ഡബ്ല്യുഡി റേറ്റ്, കോസ്റ്റ് ഇൻഡക്സ് എന്നിവയുടെ കൂടെ റോയൽറ്റി ഗ്രാമപഞ്ചായത്ത് വിഹിതം സർക്കാർ വിഹിതം എന്നിവ അടക്കം അടിസ്ഥാന വിലയായി 1114/- രൂപ കണക്കാക്കി ടെൻഡർ നടപടികളിലൂടെ മണൽ വിൽപന നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. |
| (ബി) | ഡ്രെഡ്ജ് ചെയ്ത മണൽ ശേഖരിക്കുന്നതിനാണോ കരാർ നൽകിയിട്ടുള്ളത്; മണൽ വില്പനയ്ക്ക് ഈ കരാറിൽ വ്യവസ്ഥ ഉണ്ടോ; അറിയിക്കുമോ; | (ബി) | മണൽ തിട്ട നീക്കം ചെയ്യുന്നതിനും അത് ഫിൽറ്റർ ചെയ്ത് വില്പന നടത്തുന്നതിനുമാണ് പ്രസ്തുത കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുള്ളത് |
| (സി) | പ്രസ്തുത സ്ഥലത്ത് നിന്നും ഡ്രെഡ്ജ് ചെയ്ത മണൽ വിൽപ്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കരാർ വ്യവസ്ഥയ്ക്ക് വിപരീതമായി മണൽ കടത്തിക്കൊണ്ടുപോകുന്നത് തടയുന്നതിനും കരാറുകാരനെ ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | വില്പന നടത്തുന്നതിന് പ്രസ്തുത സ്ഥാപനത്തിനെ ചുമതപ്പെടുത്തിയത് പ്രകാരം മാനദണ്ഡങ്ങൾ പാലിച്ച് തന്നെയാണ് വില്പന നടത്തി വരുന്നത്. .കരാർ വ്യവസ്ഥകൾക്ക് വിപരീതമായി മണൽ കടത്തി കൊണ്ടു പോകുന്നതും വില്പന നടത്തുന്നതും നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരാർ വ്യവസ്ഥകൾക്ക് വിപരീതമായി മണൽ കടത്തി കൊണ്ടുപോകുന്നതും വിൽപന നടത്തുന്നതും |

| | | | |
|---|---|---|---|
| | | | ശ്രദ്ധയിൽപ്പെട്ടന്ന പക്ഷം കമ്പനിക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ